**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 ഫെബ്രുവരി 27, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

31 (*181) കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ നടപടി

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, ആക്ഷൻ പ്ലാൻ നടപ്പാക്കിയതുവഴി കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും 2023 മാർച്ച് 31 വരെ ഏർപ്പെടുത്തിയിരിക്കുന്ന നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിഷ്ക്രിയ ആസ്തി ഏഴ് ശതമാനത്തിൽ താഴെയെത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ചെറുകിട കച്ചവടക്കാരെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി, റിക്കവറി മാനേജ്മെന്റ്

പോളിസി കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം എന്നിവ നടപ്പാക്കിവരുന്നു. ആസ്തിയോ വരുമാനമോ ഇല്ലാത്ത ചെറുകിട കച്ചവടക്കാരുടെ കുടിശ്ശിക വായ്പകളിൽ സഹകരണ സംഘം രജിസ്ട്രാർ/ബാങ്കിന്റെ പൊതുയോഗത്തിന്റെ അംഗീകാരത്തോടെ മുതലിൽ ഇളവനുവദിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകാറുണ്ടെന്നും സഹകരണ പ്രസ്ഥാനം കുറ്റമറ്റരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നിക്ഷേപ സമാഹരണ യജ്ഞം വഴി 9960 കോടി രൂപ സമാഹരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. അഞ്ച് സെന്റിൽ താഴെ വീടും പുരയിടവുമുള്ളവരെ ജപ്തി നടപടികളിലൂടെ ഇറക്കിവിടരുതെന്ന നയം നടപ്പാക്കിയിട്ടുണ്ടെന്നും സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന പദ്ധതികൾ കേരള ബാങ്ക് വഴി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉല്പാദന, സേവന, വിപണന മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും ഉപജീവനത്തിനായി ഇരുചക്ര വാഹനങ്ങളുൾപ്പെടെയുള്ള ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നവർക്കും ബസുടമകൾക്കും കെ.ബി.സുവിധ പ്ലസ് വായ്പാ പദ്ധതിപ്രകാരവും കുടുംബശ്രീ ഗ്രൂപ്പുകൾക്കും മറ്റ് അംഗീകൃത എൻ.ജി.ഒ. ഗ്രൂപ്പുകൾക്കും കെ.ബി മൈക്രോഫിനാൻസ് വായ്പാ പദ്ധതിപ്രകാരവും വായ്പ അനുവദിക്കുന്നുണ്ടെന്നും

അറിയിച്ചു. പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ സഹായിക്കാൻ സഹകരണ സംരക്ഷണ നിധി രൂപീകരിച്ചിട്ടുണ്ടെന്നും കുടിശ്ശിക വരുത്തിയിട്ടുള്ള അർഹരായവർക്ക് സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നുണ്ടെന്നും കേരള ബാങ്ക് മുഖാന്തരം 60339 പേർക്കും ഇതര പ്രാഥമിക സംഘങ്ങൾ മുഖാന്തരം 56279 പേർക്കും തൊഴിലവസരം ഉറപ്പാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32 (*182) പുതിയ വൈദ്യുത പദ്ധതികൾ

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, 38.5 MW ജലവൈദ്യുത പദ്ധതികളും 428 MW പുനരുപയോഗ ഊർജ്ജ പദ്ധതികളുമുൾപ്പെടെ 466.5 MW ശേഷിയുള്ള വൈദ്യുത പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും 105.5 MW വൈദ്യുതോൽപ്പാദന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും 149.10 MW ജലവൈദ്യുത പദ്ധതികളുടെയും 367.5 MW പുനരുപയോഗ ഊർജ്ജ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും സഹായത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പാത്രക്കടവ്, മാർമല ജലവൈദ്യുത പദ്ധതികളും അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതിയും യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW), മൂഴിയാർ രണ്ടാംഘട്ടം (300 MW), ലക്ഷ്മി (240 MW), കാരപ്പാറ (19 MW), പൂയംകുട്ടി (210 MW) എന്നീ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഫ്ളോട്ടിംഗ് സോളാർ പദ്ധതികളിലൂടെ 3000 MW വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷന്റെ തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 400 MW വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ. കരാറിലേർപ്പെട്ടിട്ടുണ്ടെന്നും കൂടങ്കുളം ആണവ നിലയത്തിലെ യൂണിറ്റ് II & IV, എൻ.ടി.പി.സി.-യുടെ താൽച്ചാർ, തെലങ്കാന താപനിലയങ്ങൾ എന്നിവിടങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇടുക്കി പവർ ഹൗസിന്റെ ഒന്നാംഘട്ട യൂണിറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും രണ്ടാംഘട്ട യൂണിറ്റുകളുടെയും ഇടമലയാർ പവർ ഹൗസിലെ യൂണിറ്റുകളുടെയും നവീകരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും കുറ്റ്യാടി വൈദ്യുതി നിലയത്തിലെ

ജനറേറ്ററുകളുടെ ആധുനികവൽക്കരണത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്തർ സംസ്ഥാന ലൈനുകൾ വഴി 400 kV, 220 kV, 110 kV എന്നീ AC വോൾട്ടതയിലും 320 kV DC വോൾട്ടതയിലും കേരളത്തിൽ വൈദ്യുതി എത്തിക്കുന്നുണ്ടെന്നും പരമാവധി 3400 MW വൈദ്യുതി എത്തിക്കാൻ സാധിക്കുമെന്നും പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ട്രാൻസ്ഗ്രിഡ് 2.0 ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നതായും വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കൂട്ടുക തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കിവരുന്നതായും അറിയിച്ചു. ദ്യുതി-1 ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രസരണ-വിതരണനഷ്ടം 2021-22-ൽ 10.19% ആയി കുറച്ചതോടൊപ്പം ദ്യുതി-2, ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme) എന്നിവയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണെന്നും 2023-24-ലെ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും വിതരണ കമ്പനികൾക്ക് വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന

സർചാർജ്ജിനത്തിൽ ഉപഭോക്താക്കളിൽനിന്ന് ഈടാക്കാനും വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ച് ഉപഭോക്താക്കൾക്ക് തിരികെ നൽകാനും റെഗുലേഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കി. വൈദ്യുതി വാങ്ങൽ ചെലവിൽ ഇന്ധന വ്യതിയാനംമൂലമുണ്ടായ അധിക ബാധ്യതയായ 87.07 കോടി രൂപ 2023 ഫെബ്രുവരി 1 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽനിന്നും ഇന്ധന സർചാർജ്ജിനത്തിൽ യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നതിന് കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്. 1000 വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാത്ത ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പി.എം. കുസും പദ്ധതിയിലൂടെ സൗരോർജ്ജ പാനൽ സ്ഥാപിക്കാൻ 60% സബ്സിഡി കർഷകർക്ക് ലഭ്യമാകുന്നുണ്ടെന്നും ഉഡുപ്പി-കരിന്തളം 400 കെ.വി. ലൈൻ നിർമ്മാണത്തിലെ പ്രാദേശിക എതിർപ്പ് പരിഹരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങൾക്കാവശ്യമായ സൗരോർജ്ജ പദ്ധതി രണ്ടുമാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

33 (*183) <u>വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റത്തിനുള്ള പാട്ടം നയം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ വ്യവസായ എസ്റ്റേറ്റുകളിലെയും പാർക്കുകളിലെയും ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നതെന്നും സഭയെ അറിയിച്ചു. വ്യവസായ ഭൂമിക്കായി ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓരോവർഷവും മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമയബന്ധിതമായി ഭൂമി അനുവദിക്കുന്നുണ്ടെന്നും അലോട്ട്മെന്റ് നടപടികൾ നിശ്ചിത ദിവസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥയുണ്ടെന്നും 2013 മുതൽ നിലവിലുണ്ടായിരുന്ന ചട്ട പ്രകാരം വ്യവസായ ഭൂമി ഈടുവയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കി. സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് പുതുക്കിയ നടപടിക്രമങ്ങൾ

രൂപീകരിച്ചതായും വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും ട്രസ്റ്റുകൾക്കും പാർട്ട്ണർഷിപ്പ് കൂട്ടായ്മകൾക്കും സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കാമെന്നും 10 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർക്ക് ഡെവലപ്പർ പെർമിറ്റും അഞ്ചുമുതൽ പത്തേക്കർ വരെയുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പെർമിറ്റും നൽകുമെന്നും അറിയിച്ചു. ഒരേക്കറിന് 30 ലക്ഷം രൂപ മുതൽ പരമാവധി മൂന്നുകോടി രൂപ വരെ ഇൻസെന്റീവ് നൽകുന്നുണ്ടെന്നും ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ മുപ്പതുദിവസത്തിനുള്ളിൽ ലൈസൻസ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും എട്ട് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഇതിനോടകം അനുമതി നൽകിയിട്ടുണ്ടെന്നും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ആധുനികവൽക്കരണത്തിന് 250 കോടി രൂപ കിഫ്ബി വായ്പ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്വകാര്യവൽക്കരിക്കപ്പെടുന്ന എച്ച്.ഐ.എൽ. (ഇന്ത്യ) ലിമിറ്റഡിൽനിന്നും വ്യവസ്ഥകൾക്കനുസൃതമായി ഭൂമി തിരിച്ചുപിടിക്കുന്ന കാര്യം പരിശോധിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ട വികസന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടെന്നും വൈറോളജി ലാബിന്റെ പ്രവർത്തനം

ആരംഭിച്ചിട്ടുണ്ടെന്നും കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കായി റെയിൽവേയ്ക്ക് കൈമാറിയ ഭൂമി കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതിക്കായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുമെന്നും കണ്ണൂർ ജില്ലയിൽ കിൻഫ്ര വ്യവസായ പാർക്കിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കിയിട്ടുണ്ടെന്നും യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരിക്കുന്നതോടെ കാസർഗോഡ് വിദ്യാനഗറിലെ സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഭൂമിക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

34(*184) <u>സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് മാറ്റിവച്ച ചെലവുകൾ</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനും സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി പ്രവർത്തിക്കുന്ന കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുള്ളതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമുണ്ടെങ്കിലും

ക്ഷേമപെൻഷനുകൾ മുടക്കമില്ലാതെ ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 2020 സെപ്റ്റംബർ മുതൽ ക്ഷേമ പെൻഷനുകൾ അതത് മാസംതന്നെ നൽകുന്നുണ്ടെന്നും 2022 നവംബർ മാസത്തെ ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 879.06 കോടി രൂപ അനുവദിച്ചിരുന്നുവെന്നും ഡിസംബർ മാസത്തേത് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കി. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന സർവ്വീസ് ബാങ്കുകളിലെ ജീവനക്കാരുടെ ഇൻസെന്റീവ് പുന:ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ടെങ്കിലും ഈ മാസത്തെ ഇൻസെന്റീവ് നൽകുന്നതിന് തടസ്സമില്ല. കോവിഡ് 19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച വ്യയനിയന്ത്രണ നടപടികളുടെ ഭാഗമായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും 2022-2023 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ ആനുകൂല്യം പൊതു ഇളവുകൾക്ക് വിധേയമായി 31-12-2022 വരെ മരവിപ്പിച്ചിരുന്നതായും ടി ആനുകൂല്യം 20-03-2023 മുതൽ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനും നാല് വർഷത്തെ ലോക്ക് ഇൻ പിരീഡിനുശേഷം

മാത്രമേ പിൻവലിക്കാനാകുവെന്ന ഉത്തരവിറക്കിയിട്ടുണ്ടെന്നും 01-01-2021 മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കുന്നതെന്നും അതിനാവശ്യമായ അധിക തുക അനുവദിക്കുന്നുണ്ടെന്നും ഒരു നിശ്ചിത തുകയിൽ അധികരിക്കുന്ന ബില്ലുകൾ BDS (Bill Discounting System) വഴി നൽകിവരുന്നുണ്ടെന്നും അറിയിച്ചു. ജി.എസ്.ടി. വരുമാനത്തിൽ മുൻവർഷത്തെക്കാൾ 30 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ടെന്നും ജി.എസ്.ടി. നഷ്ടപരിഹാരമായി കേരളത്തിന് 780 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും 'ആശ്വാസ കിരണം' പദ്ധതിക്കാവശ്യമായ തുക മുടക്കമില്ലാതെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35(*185) <u>ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഉൾപ്പെടുത്തുന്നതെന്നും റീ-രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളതായി

ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ സ്ഥിതിവിവര കണക്കുകൾ പ്രകാരം 2023 ഫെബ്രുവരി 20 വരെ 133916 സംരംഭങ്ങൾ ആരംഭിക്കുകയും 287822 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നും എം.എൽ.എ.-മാർ മണ്ഡലാടിസ്ഥാനത്തിൽ റിവ്യൂ നടത്താറുണ്ടെന്നും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും അവരവരുടെ മണ്ഡലത്തിൽ പരമാവധി സംരംഭങ്ങൾ ആരംഭിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. സംരംഭക വർഷം പോർട്ടലിൽ നേരിട്ടുള്ള തൊഴിലവസരങ്ങളുടെ കണക്കുകൾ മാത്രമാണ് രേഖപ്പെടുത്താറുള്ളത്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നിരവധി പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ടെന്നും PMFME (Prime Minster's Formalization of Micro Food Processing Enterprises)-ലൂടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും പദ്ധതിക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിനും അനുവദനീയമായ ആനുകൂല്യം

നൽകുന്നതിനും കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയം വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ടെന്നും 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 4% പലിശ നിരക്കിൽ 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.